31-3-1986 വരെ ഹാൻറക്സും ഹാൻവീവിനും കൊടുത്തു തീർക്കേണ്ട റിബേറ്റ്

243 [265] ശ്രീ. വി ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

31-3-1986 വരെ റിബേറ്റ് ഗ്രാന്റ് വകയിൽ ഹാൻറക്സിനും ഹാൻവീവിനും സർക്കാർ കൊടുത്തുതീർക്കേണ്ട സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

31-3-1986 വരെ റിബേറ്റ് ഗ്രാന്റ് വകയിൽ ഹാൻറക്സിന് 63 ലക്ഷം രൂപ, ഹാൻഡ്വീവിന് 24 ലക്ഷം രൂപ. (ഇതിൽ ഹാൻറക്സിന് 1986 മെയ് മാസത്തിൽ 30 ലക്ഷം രൂപ കൊടുത്തു തീർത്തു).

1985 ഡിസംബർ വരെ റിബേറ്റിനത്തിൽ കൊടുത്തുതീർക്കേണ്ട സംഖ്യ

244 [266] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ഡിസംബർ മാസം വരെ കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് എത്ര സംഖ്യ റിബേറ്റ് ഇനത്തിൽ കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്;

(ബി) റിബേറ്റ് കുടിശ്ശിക എത്ര മാസത്തിനകം കൊടുത്തു തീർക്കും?

ഉത്തരം

(എ) 1985 ഡിസംബർ മാസംവരെ 438 ലക്ഷം രൂപ കൊടുക്കുവാനുണ്ടായിരുന്നതിൽ, ഈ സാമ്പത്തിക വർഷത്തിൽ 130 ലക്ഷം രൂപ കൊടുത്തത് കഴിച്ച്, ബാക്കി 309 ലക്ഷം രൂപ കൊടുക്കുവാനുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കൊടുത്തുതീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1985-86-ൽ കൊടുത്തുതീർക്കേണ്ട കൈത്തറി റിബേറ്റ്

245 [267] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി റിബേറ്റ് ഇനത്തിൽ 1985-86-ൽ കൊടുത്തു തീർക്കുവാനുള്ള മൊത്തം കുടിശ്ശിക എത്ര;

(ബി) റിബേറ്റ് കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-1986 വരെയുള്ള കണക്കുപ്രകാരം 463 ലക്ഷം രൂപ കൊടുത്തുതീർക്കുവാൻ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly